**കർണ്ണാടക-കേരള അതിർത്തിയിൽ ഗോവിന്ദപൈ സ്മാരക കവാടം**

163 (927) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാഷ്ട്രകവി ഗോവിന്ദപൈയുടെ സ്മാരകമായി കർണാക-കേരള അതിർത്തിയിൽ ഗോവിന്ദ പൈ സ്മാരക കവാടം സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ലോകരാഷ്ട്രങ്ങൾ എന്ന ഗ്രന്ഥത്തിലെ തെറ്റുകൾ**

164 (928) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലകൈരളി വിജ്ഞാനകോശ പരമ്പരയിലെ അഞ്ചാമത്തെ വാല്യമായ് 'ലോകരാഷ്ട്രങ്ങൾ' എന്ന ഗ്രന്ഥം എന്നാണ് പ്രസിദ്ധീകരിച്ചത് ; ഇതിന്റെ വിലയെത്രയാണ് ;

(ബി) ഇതുപോലൊരുഗ്രന്ഥം മറ്റൊരു ഇന്ത്യൻ ഭാഷയിലും പ്രസിദ്ധീകരിച്ചിട്ടില്ല എന്ന് ഇതിന്റെ ആമുഖക്കുറിപ്പിൽ പറയുന്നുണ്ടോ ;

(സി) ഈ അവകാശവാദം എന്ത് അടിസ്ഥാനത്തിലാണ് എന്ന് വിശദീകരിക്കുമോ ;

(ഡി) ഈ ഗ്രന്ഥത്തിൽ എത്ര തെറ്റുകളുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ഇ) ഈ ഗ്രന്ഥത്തിലെ പ്രസ്താവനയനുസരിച്ച് അമൃത്സർ ഏത് സംസ്ഥാനത്താണ് ;

(എഫ്) ബാംഗ്ലാദേശ് പ്രധാനമന്ത്രി ഖാലിദാസിയ ഈ പുസ്തകത്തിൽ നൽകിയിരിക്കുന്ന വിവര പ്രകാരം ആരുടെ വിധവയാണ് ;

(ജി) വിശാഖപട്ടണം എന്ന നഗരം ഏത് സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നുവെന്നാണ് പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് ;

(എച്ച്) ഈ പുസ്തകത്തിലെ പരാമർശപ്രകാരം ജമ്മുകാശ്മീർ സംസ്ഥാനത്തിന്റെ വിസ്തൃതി എത്രയാണ് ;

(ഐ) കുട്ടികൾക്കുവേണ്ടി രചിച്ച ഈ പുസ്തകത്തിൽ തെറ്റുകൾ കടന്നു കൂടിയതിലുള്ള ഉത്തരവാദിത്വം ആർക്കാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടായിരം ജനുവരിയിൽ മുഖവില 800 രൂപ.

(ബി) ഉണ്ട്.

(സി) ആധികാരികമായ അന്വേഷണങ്ങൾക്കും പഠനത്തിനും ശേഷമാണ് ഇത്തരമൊരു വാക്യം ആമുഖക്കുറിപ്പിൽ കൊടുത്തത്.

(ഡി) എത്ര തെറ്റുകളുണ്ടെന്ന് അന്വേഷിച്ചിട്ടില്ല.

(ഇ) കാശ്മീരിൽ.

(എഫ്) സിയാവുൾഹക്കിന്റെ.

(ജി) ഒറീസയിൽ.

(എച്ച്) 2,22,736 ച. കിലോമീറ്റർ.

(ഐ) ഈ പുസ്തകത്തിന്റെ നിർമ്മാണ ചുമതലയുള്ള ആ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള സീനിയർ അസി.എഡിറ്റർ ആർ. ഗോപാലകൃഷ്ണൻ നായരാണ് ഉത്തരവാദി.

**സംരക്ഷിതസ്മാരകങ്ങൾ സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയ നടപടി**

165 (929) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള എന്തെങ്കിലും സംരക്ഷിത സ്മാരകം ഏതെങ്കിലും സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ പിന്നിൽ ഗൂഢാലോചനയും അഴിമതിയും നടത്തിയിട്ടുള്ളതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം ഉൾപ്പെടെ ഏതെങ്കിലും അന്വേഷണം ഏർപ്പെടുത്തുകയോ കേസ് എടുക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഈ ഗൂഢാലോചനയുടെ പിന്നിലെ എല്ലാ ഉദ്യോഗസ്ഥന്മാരെയും മറ്റുള്ളവരേയും വെളിച്ചത്തുകൊണ്ടുവരികയും ശിക്ഷിക്കുകയും ചെയ്യുമോ ;

(ഇ) ഈ സംരക്ഷിത സ്മാരകം കയ്യേറാൻ മുൻക്കാലത്തും ശ്രമം നടന്നിരുന്നതായി സർക്കാരിന് അറിയുമോ ;

(എഫ്) ഇതിന്റെ സംരക്ഷണത്തിന് സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly